Digital Library of Christianity in India
www.marggam.com



# കർമ്മല സന്ദേശം

## സി.എം.ഐ സഭയുടെ സ്ഥാപകൻ വാ.ചാവറയച്ചൻ മാത്രമോ?

2006

ഫാ. ജോസഫ് കാഞ്ഞിരമറ്റം, CMI

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# സി.എം.ഐ. സഭയുടെ സ്ഥാപകൻ വാ. ചാവറയച്ചൻ മാത്രമോ?

ഫാ. ജോസഫ് കാഞ്ഞിരമറ്റം സി.എം.ഐ.

കഴിഞ്ഞ കുറെക്കാലങ്ങളായി നമ്മുടെ സഭയിൽ അറിഞ്ഞോ അറിയാതെയോ പ്രകടമായിക്കൊണ്ടിരിക്കുന്ന ഒരു പ്രവണതയുടെ പശ്ചാത്തലത്തിലാണ് ഈ കുറിപ്പ് എഴുതുന്നത്. അതായത് സി.എം.ഐ. സഭയുടെ സ്ഥാപകൻ വാ. ചാവറയച്ചൻ മാത്രമാണെന്ന് തോന്നത്തക്കവിധത്തിലുള്ള പറച്ചിലും എഴുത്തും മനോഭാവവും സാധാരണമായികൊണ്ടിരിക്കുന്നു. ചരിത്രപരമായി ഇത് ശരിയല്ലെന്ന സത്യം അറിയാത്തവർ സി.എം.ഐ. സഭയിൽ ആരെങ്കിലും ഉണ്ടെന്ന് തോന്നുന്നില്ല. പക്ഷെ കുറെ പറച്ചിലുകളും എഴുത്തുകളും തുടർച്ചയായി ഇങ്ങനെ ഉണ്ടാകുമ്പോൾ അസത്യം അഥവാ അർദ്ധസത്യം സത്യമായി മാറുക സ്വാഭാവികം. അടുത്തകാലത്തായി നമ്മുടെ സഭയിൽ നിന്നും പുറത്തിറങ്ങുന്ന ഔദ്യോഗിക രേഖകളിൽ ചിലതിലെങ്കിലും (Eg. 'Vibrant Community for Renewed Community, P 10, Last Para) അവയുടെ പുറത്തുള്ള ചിത്രങ്ങളിലും ചാവറപിതാവിന്റെ പേരും ചിത്രങ്ങളുമൊഴികെ മറ്റു രണ്ട് സഹസഭാപിതാക്കന്മാരുടേയും പേരുകളോ ചിത്രങ്ങളോ കാണാറില്ല. ഈ രീതി തുടർന്നാൽ ഏതാനും വർഷങ്ങൾ കഴിയുമ്പോൾ സി.എം.ഐ. സഭയുടെ സ്ഥാപകൻ വാ. ചാവറയച്ചൻ മാത്രമാണെന്ന ഒരു ധാരണയുണ്ടാകൻ ഏറെ സാദ്ധ്യതയുണ്ടാകും. സി.എം.ഐ.ക്കാരുടെ ധാരണ ഇതാണെങ്കിൽ സാധാരണക്കാരുടെ ധാരണയെക്കുറിച്ച് പറയേണ്ടതില്ലല്ലോ. ഈ നിലപാട് ബഹു. പാലയ്ക്കലച്ചനോടും, ബഹു. പോരൂക്കരയച്ചനോടും സി.എം.ഐ. സഭാംഗങ്ങൾ അറിഞ്ഞോ അറിയാതെയോ കാണിക്കുന്ന കടുത്ത അവഗണനയാണെന്നാണെന്റെ തോന്നൽ, അനീതിയും. മലബാർ സഭയിൽ സന്യാസജീവിതത്തെക്കുറിച്ചുള്ള ആദ്യചിന്ത നാമ്പെടുക്കുന്നത് ബഹു. പോരൂക്കരയച്ചനിലും പാലയ്ക്കലച്ചനിലുമാണെന്ന് ചരിത്രം വ്യക്തമാക്കുന്നുണ്ട്. സന്യാസജീവിതത്തിന് അനുവാദം ചോദിക്കാൻ



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പോകുന്നതും ഇവർ രണ്ടുപേരുമാണ്. മലയാളക്കരയിൽ ഒരു സന്യാസഭവനം ഉണ്ടായിക്കാണാൻ ചാവറയച്ചനും ആഗ്രഹിച്ചിരുന്നു എന്നത് ശരിയാണ്. സഭാസ്ഥാപനത്തെക്കുറിച്ച് ചാവറയച്ചൻ പറയുമ്പോൾ മറ്റു രണ്ടുപേരുമാണ് അതിന്റെ "അടിസ്ഥാനക്കാർ" എന്നാണ് പറയുന്നത്. (ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാള്യം 4, പേജ് 99, നാലാം ഖണ്ഡിക) എല്ലാംകൂടി പരിഗണിക്കുമ്പോൾ മൂന്നുപേരും സഭയുടെ സഹസ്ഥാപകരാണെന്ന് പറയുന്നതാണ് ന്യായവും യുക്തവും. ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനെന്ന് സഭ പ്രഖ്യാപനം ചെയ്തതുകൊണ്ട് മറ്റുരണ്ടുപേരും വിശുദ്ധാത്മാക്കളല്ല എന്നു വരുന്നില്ല. ചാവറയച്ചനെ മാത്രം സഭാസ്ഥാപകനാക്കുന്ന മനോഭാവം അദ്ദേഹം ഒട്ടും അംഗീകരിക്കുമെന്നും തോന്നുന്നില്ല. അതിനാൽ നമ്മുടെ സഭയുടെ മൂന്നു സ്ഥാപകരേയും യഥാവസരങ്ങളിൽ ഓർക്കുന്ന സത്യസന്ധമായ ഒരു മനോഭാവം സഭാശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന മറ്റു സഭാംഗങ്ങളും പുലർത്തുന്നത് അവരോട് കാണിക്കാവുന്ന, കാണിക്കേണ്ട ഒരാദരവായിരിക്കും. ഇതിന് സഹായിക്കുമെന്ന് തോന്നുന്ന ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ചാവറയച്ചനെ പറ്റി പൊതുവേദികളിൽ പ്രസംഗിക്കേണ്ടിവരുമ്പോൾ സി.എം.ഐ. സഭയുടെ സഹസ്ഥാപകനാണെന്ന് സൂചിപ്പിക്കാൻ ശ്രമിക്കുക.
2. സഭയുടെ (ജനറൽ തലത്തിലും പ്രൊവിൻസ് തലത്തിലും) ഔദ്യോഗിക രേഖകളുടെ, പ്രത്യേകിച്ച് പുസ്തകങ്ങളുടെ പുറത്ത് ചിത്രങ്ങൾ കൊടുക്കുന്നുണ്ടെങ്കിൽ മൂന്നുപേരുടേയും കൊടുക്കുവാൻ ശ്രദ്ധിക്കുക.
3. ചാവറയച്ചന്റെ പടം അടിക്കുമ്പോൾ സി.എം.ഐ. സഭയുടെ സഹസ്ഥാപകൻ എന്ന് ചേർക്കുക.
4. നമ്മുടെ ഭവനങ്ങളിൽ സഭാസ്ഥാപകർ 3 പേരുടേയും ഒരുമിച്ചുള്ള ചിത്രങ്ങൾ വയ്ക്കുന്നത് നല്ലതാണ്. അതിൽ വാ. ചാവറയച്ചന് പ്രമുഖസ്ഥാനം നൽകുന്നത് ഉചിതമായിരിക്കും.

നമ്മുടെ സഭാസ്ഥാപകർ മൂവർക്കും അവർ അർഹിക്കുന്ന സ്നേഹാദരവുകൾ നൽകാൻ നമുക്കു ശ്രമിക്കാം; ആരും വിസ്മരിക്കപ്പെടാതിരിക്കാനും. ❑



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi
Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org